## കേരള സർവകലാശാല

നം. പി.ആർ.130/2018 ഫോൺ : 2305738

## <u>പത്രക്കുറിപ്പ്</u>

### കെ മാറ്റ് കേരള (എം.ബി.എ പ്രവേശന പരീക്ഷ) ജൂലൈ 8 ലേക്ക് മാറ്റി

കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിപ വൈറസ് ബാധ മൂലം കേരള സർക്കാർ ജൂൺ മാസം അവസാനം വരെ അതീവ ജാഗ്രത പുലർത്തണമെന്ന് പ്രഖ്യപിച്ചിരിക്കുന്നതിനാൽ ജൂൺ 24 കെ മാറ്റ് കേരള പ്രവേശന പരീക്ഷ ജൂലായ് 8 ലേക്ക് മാറ്റി. വിശദ വിവരങ്ങൾ **kmatkerala.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിലും പ്രവേശന മേൽനേട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന എം.ബി.എ പ്രവേശന പരീക്ഷയായ കെ മാറ്റ് കേരളയുടെ ഓൺലൈൻ അപേക്ഷാ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 9ൽ നിന്നും ജൂൺ 25 ലേക്കും മാറ്റിയിട്ടുണ്ട്.

ഇതുവരെയും അപേക്ഷ സമർപ്പിക്കാത്തവർ എത്രയും പെട്ടന്ന് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. അവസാന വർഷ ഡിഗ്രി വിദ്യാർഥികൾക്കും പരീക്ഷ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷകൾ നൽകാവുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് 04712335133, 8547255133 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

### CACEE ക്ലാസ്സുകൾ

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ജൂൺ 15, 16, 17 തീയതികളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതല്ല.

### രണ്ടാം സെമസ്റ്റർ ബി.എസ്.സി/ബി.കോം ഫലം

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (248)ബി.കോം കോമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്റ്റീസ് (337) (2016 അഡ്മിഷൻ റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2014 & 2013 അഡ്മിഷൻ സപ്ലിമെന്റി) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂലൈ 6 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## രണ്ടാം വർഷ ബി.എസ്.സി. നഴ്സിംങ് ഫലം

2017 ഡിസംബറിൽ നടത്തിയ രണ്ടാം വർഷ ബി.എസ്.സി നഴ്സിംങ് (സപ്ലിമെന്ററി / മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനക്കും പുനർമൂല്യനിർണയത്തിനും ജൂൺ 20 വരെ അപേക്ഷിക്കാം.

## രണ്ടാം സെമസ്റ്റർ ബി.എ ഫലം

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ മലയാളം ആന്റ് മാസ് കമ്യൂണിക്കേഷൻ, ബി.എ കമ്യൂണിക്കേറ്റീവ് അറബിക്, ബി.പി.എ പരീക്ഷകളുടെ ഫലം പ്രസിദ്ധികരിച്ചു. വിശദമായ ഫലം സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മ പരിശോധനക്കും പുനർമൂല്യനിർണയത്തിനും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 6.

## നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്., ബി.എ/ബി.എസ്.സി /ബി.കോം പരീക്ഷ

ജൂലായ് 3 ന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ്., ബി.എ/ബി.എസ്.സി /ബി.കോം പരീക്ഷയ്ക്ക് പിഴകൂടാതെ ജൂൺ 18, 50/- രൂപ പിഴയോടെ ജൂൺ 20, 125/- രൂപ പിഴയോടെ ജൂൺ 22 വരെയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സ് ഫലം

ബി.വോക് ഡിഗ്രി പ്രോഗ്രാം ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സിന്റെ രണ്ടും അഞ്ചും സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 6. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്- ബി.എസ്.സി/ബി.കോം ഫലം

2017 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി കെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എസ്.സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ്, ബി.കോം കൊമേഴ്സ് ആന്റ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് (2016 അഡ്മിഷൻ - റെഗുലർ, 2015 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2013 & 2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനക്കും പുനർമൂല്യനിർണയത്തിനും ഓൺലൈനായി അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ 6. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>ബി.ആർക്ക് പരീക്ഷ ടൈംടേബിൾ</u>

2018 ജൂണിൽ ആരംഭിക്കുന്ന കമ്പയ്ൻഡ് ഒന്നും, രണ്ടും, നാലും, ആറും, എട്ടും, ഒൻപതും സെമസ്റ്റർ ബി.ആർക്ക് (2008 സ്കീം)പരീക്ഷകളുടെ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## <u>ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്-ബി.എസ്.സി ജിയോളജി</u>

ജൂൺ 11 മുതൽ 14 വരെ യൂണിവേഴ്സിറ്റി കോളേജിൽ നടത്താനിരുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ് - ബി.എസ്.സി. ജിയോളജി പ്രാക്ടിക്കലും വൈവ വോസിയും ജൂൺ 11, 14, 16, 18 തീയതികളിൽ കോളേജിൽ വെച്ച് നടത്തുന്നതാണ്.

(www.keralauniversity.ac.in)

തിരുവനന്തപുരം.
08.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098